പതിമൂന്നാം കേരള നിയമസഭ

ബിൽ നമ്പർ 72

# 2012-ലെ കേരള കർഷക കടാശ്വാസ കമ്മീഷൻ (ഭേദഗതി) ബിൽ

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2012

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.

പതിമൂന്നാം കേരള നിയമസഭ

ബിൽ നമ്പർ 72

# 2012-ലെ കേരള കർഷക കടാശ്വാസ കമ്മീഷൻ (ഭേദഗതി) ബിൽ

156/2012.

പതിമൂന്നാം കേരള നിയമസഭ

ബിൽ നമ്പർ 72

# 2012-ലെ കേരള കർഷക കടാശ്വാസ കമ്മീഷൻ (ഭേദഗതി) ബിൽ

2006-ലെ കേരള കർഷക കടാശ്വാസ കമ്മീഷൻ ആക്റ്റ് വീണ്ടും ഭേദഗതി ചെയ്യുന്നതിനുള്ള

ഒരു

ബിൽ

പീഠിക.—2006-ലെ കേരള കർഷക കടാശ്വാസ കമ്മീഷൻ ആക്റ്റ് ഇതിന് ശേഷം കാണുന്ന ആവശ്യങ്ങൾക്കായി ഭേദഗതി ചെയ്യുന്നത് യുക്തമായിരിക്കുകയാൽ ;

ഇന്ത്യൻ റിപ്പബ്ലിക്കിന്റെ അറുപത്തിമൂന്നാം സംവത്സരത്തിൽ താഴെ പറയും പ്രകാരം നിയമമുണ്ടാക്കുന്നു:—

1. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ ആക്റ്റിന് 2012-ലെ കേരള കർഷക കടാശ്വാസ കമ്മീഷൻ (ഭേദഗതി) ആക്റ്റ് എന്ന് പേര് പറയാം.

(2) ഇത് ഉടൻ പ്രാബല്യത്തിൽ വരുന്നതാണ്.

2. 2-ാം വകുപ്പിനുള്ള ഭേദഗതി.—2006-ലെ കേരള കർഷക കടാശ്വാസ കമ്മീഷൻ ആക്റ്റിന്റെ (2007-ലെ 1) 2-ാം വകുപ്പ് (vii)-ാം ഖണ്ഡത്തിൽ, “ഈ ആക്റ്റിന്റെ പ്രാരംഭ തീയതിയിലോ അതിനുമുമ്പോ” എന്ന വാക്കുകൾക്കു പകരം “ഈ ആക്റ്റിന്റെ പ്രാരംഭ തീയതിയിലോ അതിനുമുമ്പോ അല്ലെങ്കിൽ സംസ്ഥാനത്തെ ഏതെങ്കിലും പ്രത്യേക ദുരന്ത ബാധിത പ്രദേശത്തെ സംബന്ധിച്ച്, സർക്കാർ ഗസറ്റ് വിജ്ഞാപനംമൂലം നിശ്ചയിച്ചേക്കാവുന്ന അങ്ങനെയുള്ള ഏതെങ്കിലും തീയതിക്കോ അതിന് മുമ്പോ” എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

## ഉദ്ദേശ്യകാരണങ്ങളുടെ വിവരണം

2006-ലെ കേരള കർഷക കടാശ്വാസ കമ്മീഷൻ ആക്റ്റിലെ (2007-ലെ 1) 2-ാം വകുപ്പ് (vii)-ാം ഖണ്ഡപ്രകാരം പ്രസ്തുത ആക്റ്റിന്റെ പ്രാരംഭ തീയതിയിലോ അതിനു മുൻപോ കർഷകനിൽ നിന്നും കിട്ടേണ്ടതായിട്ടുള്ള ബാധ്യതകൾ മാത്രമേ “കടം” എന്ന നിർവചനത്തിൽ ഉൾപ്പെടുത്തിയിട്ടുള്ളൂ. 2007 ജനുവരി 18-ാം തീയതി യാണ് പ്രസ്തുത ആക്റ്റ് നിലവിൽ വന്നിട്ടുള്ളത്. പ്രസ്തുത തീയതിക്ക് ശേഷം ഉണ്ടായിട്ടുള്ള ബാധ്യതകൾ ഈ ആക്റ്റിന്റെ പരിധിയിൽ വരുന്നില്ല. സംസ്ഥാനത്ത്

വയനാട് ജില്ലയിലെ ചില കർഷകർ കടക്കെണിമൂലം ആത്മഹത്യ ചെയ്യുകയുണ്ടായി. ഈ അവസ്ഥ കർഷകർക്കിടയിലും കാർഷിക രംഗത്തും ദൂരവ്യാപകമായ പ്രതികൂല ഫലങ്ങൾ ഉണ്ടാക്കുമെന്ന് സർക്കാർ കരുതുന്നു. ഈ സാഹചര്യത്തിൽ പ്രസ്തുത ജില്ല യിൽ 2011 ഒക്ടോബർ 31 വരെയുള്ള മുഴുവൻ കാർഷിക കടങ്ങളുംകൂടി പ്രസ്തുത ആക്റ്റിന്റെ പരിധിയിൽ കൊണ്ടുവരാൻ സർക്കാർ തീരുമാനിച്ചു. ആയതിനാൽ കർഷകർക്ക് ഇപ്പോൾ അവർ അഭിമുഖീകരിക്കുന്ന കടക്കെണിയിൽനിന്നും ആശ്വാസം നൽകാനുതകുന്നവിധം പ്രസ്തുത ആക്റ്റിൽ ഭേദഗതി വരുത്തേണ്ടതുണ്ടെന്നും ഏതെങ്കിലും പ്രത്യേക ദുരന്തബാധിത പ്രദേശത്തെ സംബന്ധിച്ച് ഒരു നിശ്ചിത തീയതിവരെയുള്ള കടബാദ്ധ്യതകൾ ഗസറ്റ് വിജ്ഞാപനംവഴി പ്രസ്തുത ആക്റ്റിന്റെ പരിധിയിൽ കൊണ്ടുവരുന്നതിനുള്ള അധികാരം സർക്കാരിൽ നിക്ഷിപ്തമാക്കി അത്തരം പ്രദേശത്തിനുവേണ്ടി സത്വരനടപടികൾ എടുക്കാനുള്ള സാഹചര്യം ഉണ്ടാക്കേണ്ടതാ ണെന്നും സർക്കാർ കരുതുന്നു. ആയതിനാൽ പ്രസ്തുത ആക്റ്റ് ഭേദഗതി ചെയ്യാൻ സർക്കാർ തീരുമാനിച്ചു.

2. മേൽപ്പറഞ്ഞ ലക്ഷ്യം നിറവേറ്റുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ബിൽ.

## ധനകാര്യമെമ്മോറാണ്ടം

വ്യത്യസ്ത ദുരന്തബാധിത പ്രദേശത്തെ സംബന്ധിച്ച് വ്യത്യസ്ത തീയതികൾ വരെയുള്ള കാർഷിക കടബാധ്യതകൾ വിജ്ഞാപനംവഴി ആക്റ്റിന്റെ പരിധിയിൽ കൊണ്ടുവരാൻ ബില്ലിലെ 2-ാം ഖണ്ഡം വ്യവസ്ഥ ചെയ്യുന്നു. എന്നാൽ ബില്ലിനോട് ചേർത്തിട്ടുള്ള ഉദ്ദേശ്യകാരണങ്ങളുടെ വിവരണ പ്രകാരം ഇപ്പോൾ വയനാട് ജില്ലയിലെ കടബാദ്ധ്യതകൾക്കുമാത്രം ആക്റ്റിന്റെ ആനുകൂല്യം നൽകാനാണ് ഉദ്ദേശിക്കുന്നത് എന്ന് കാണാവുന്നതാണ്. കർഷക കടാശ്വാസ കമ്മീഷന്റെ കഴിഞ്ഞകാല പ്രവർത്തന ങ്ങളിലൂടെ സംസ്ഥാനത്ത്, കഴിഞ്ഞ മൂന്നു വർഷങ്ങളിൽ തൊണ്ണൂറു കോടി രൂപ കർഷ കർക്ക് ആശ്വാസമായി നൽകിയിട്ടുള്ളതാണ് എന്നും വയനാട് ജില്ലയിൽ മാത്രമായി കർഷകരുടെ കടത്തിന്മേൽ ചുമത്തിയിട്ടുള്ള പലിശ ഏകദേശം 80 കോടി രൂപ വരുമെന്നും കാണുന്നു. ആയതിനാൽ, 2011 ഒക്ടോബർ 31 വരെ പ്രസ്തുത ആനുകൂല്യം പ്രസ്തുത ജില്ലയ്ക്കു മാത്രമായി ദീർഘിപ്പിക്കുന്നതിന് സർക്കാരിനുള്ള അധിക ബാദ്ധ്യത ഏകദേശം 50 കോടി രൂപ ആയിരിക്കുന്നതാണ്. ആയതിനാൽ ഈ ബിൽ നിയമമാക്കുകയും വയനാട് ജില്ലയ്ക്കു മാത്രമായി നടപ്പിലാക്കുന്ന രീതിയിൽ വിജ്ഞാപനം ചെയ്യുകയും ചെയ്താൽ അനാവർത്തനസ്വഭാവമുള്ള ഉദ്ദേശം 50 കോടി രൂപ സംസ്ഥാന സഞ്ചിതനിധിയിൽ നിന്നും ചെലവ് പ്രതീക്ഷിക്കുന്നു.

## ഏൽപ്പിച്ചുകൊടുത്ത നിയമനിർമ്മാണാധികാരം സംബന്ധിച്ച മെമ്മോറാണ്ടം

2006-ലെ കേരള കർഷക കടാശ്വാസ കമ്മീഷൻ ആക്റ്റിലെ (2007-ലെ 1) "കടം" എന്ന വാക്കിൽ ഉൾപ്പെടുന്ന ബാധ്യത സംസ്ഥാനത്തെ ഏതെങ്കിലും പ്രത്യേക ദുരന്ത ബാധിത പ്രദേശത്തെ സംബന്ധിച്ച് ഏതു തീയതിക്ക് മുൻപുവരെ ഉള്ളതായിരിക്കും

എന്നത് വിജ്ഞാപനം മുഖേന നിശ്ചയിക്കുവാൻ സർക്കാരിന് അധികാരം നൽകുന്നതിനായി പ്രസ്തുത ആക്റ്റിലെ 2-ാം വകുപ്പ് (vii)-ാം ഖണ്ഡം ഭേദഗതി ചെയ്യുന്നതിന് ബില്ലിലെ 2-ാം ഖണ്ഡം കൊണ്ടുദ്ദേശിക്കുന്നു.

ഏതു കാര്യത്തെ സംബന്ധിച്ചാണോ വിജ്ഞാപനം പുറപ്പെടുവിക്കാവുന്നത് അത് നടപടിക്രമങ്ങൾ സംബന്ധിച്ചവയും സാധാരണമോ ഭരണപരമോ ആയ സ്വഭാവത്തോടു കൂടിയവയും ആകുന്നു. മാത്രമല്ല, അവ ഉണ്ടാക്കിയതിനുശേഷം, നിയമസഭയുടെ സൂക്ഷ്മപരിശോധനയ്ക്കു വിധേയവുമാണ്. ആയതിനാൽ, ഏൽപ്പിച്ചു കൊടുത്ത നിയമനിർമ്മാണാധികാരം ഒരു സാധാരണ സ്വഭാവത്തോടുകൂടിയതാണ്.

തിരുവഞ്ചൂർ രാധാകൃഷ്ണൻ.

## 2006-ലെ കേരള കർഷക കടാശ്വാസ കമ്മീഷൻ ആക്റ്റ് (2007-ലെ 1)-ൽ നിന്നുള്ള പ്രസക്ത ഭാഗങ്ങൾ

** ** **

2. നിർവ്വചനങ്ങൾ.—ഈ ആക്റ്റിൽ, സന്ദർഭം മറ്റുവിധത്തിൽ ആവശ്യപ്പെടാത്ത പക്ഷം,—

(i) ** ** **

(ii) ** ** **

(iii) ** ** **

(iv) ** ** **

(v) ** ** **

(vi) ** ** **

(vii) "കടം" എന്നാൽ, ഈ ആക്റ്റിന്റെ പ്രാരംഭ തീയതിയിലോ അതിനുമുമ്പോ ഒരു കരാറിൻ കീഴിലോ അല്ലെങ്കിൽ ഏതെങ്കിലും കോടതിയുടേയോ ട്രൈബ്യൂണലിന്റേയോ ഡിക്രിയുടേയോ അല്ലെങ്കിൽ ഉത്തരവിന്റേയോ കീഴിലോ അല്ലെങ്കിൽ മറ്റുവിധത്തിലോ ജാമ്യമുള്ളതോ ജാമ്യമില്ലാത്തതോ ആയതും ഒരു കർഷകനിൽ നിന്നും കിട്ടേണ്ടതായിട്ടുള്ള ഏതെങ്കിലും ബാധ്യത എന്നർത്ഥമാകുന്നതും അതിൽ,—

(എ),—

(i) ഒരു ഉത്തമർണ്ണ സ്ഥാപനത്തിനോ ;

(ii) ഒരു സഹകരണ സംഘത്തിനോ ;

കൊടുക്കേണ്ടതായ ഏതൊരു തുകയും ;

(ബി) ഒരു കർഷകൻ ഉത്തമർണ്ണനിൽ നിന്നും വാങ്ങിയ ഏതൊരു തുകയും, ഉൾപ്പെടുന്നതും എന്നാൽ കർഷകൻ തന്റെ വരുമാന വർദ്ധനവിനായി കാർഷികാനുബന്ധ വാണിജ്യാവശ്യങ്ങൾക്കൊഴികെ വാണിജ്യാവശ്യങ്ങൾക്കോ ആഡംബരത്തിനോവേണ്ടി എടുത്തിട്ടുള്ള ഏതെങ്കിലും വായ്പാ തുകയും കേന്ദ്ര-സംസ്ഥാന സർക്കാരുകൾക്കോ മറ്റ് സംസ്ഥാന സർക്കാരുകൾക്കോ കേന്ദ്രഭരണ പ്രദേശങ്ങളിലെ സർക്കാരുകൾക്കോ നൽകേണ്ട തുകയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, സ്റ്റാറ്റ്യൂട്ടറി സ്ഥാപനങ്ങൾ, കേന്ദ്ര-സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങൾ എന്നിവയ്ക്കും സർക്കാർ വിജ്ഞാപനംവഴി നിശ്ചയിക്കുന്ന മറ്റു സ്ഥാപനങ്ങൾക്കും കിട്ടേണ്ടതായ തുകയും ഉൾപ്പെടാത്തതും ആകുന്നു.

(viii) ** ** **